പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1415 | 11-08-2017-ലെ മറുപടിയ്ക്ക്

## കൃഷിവകുപ്പ് ആവിഷ്കരിച്ചിട്ടുള്ള പുതിയ പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.പി.സി. ജോർജ്** | ശ്രീ.വി.എസ്.സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
| എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ജനങ്ങൾക്ക് പ്രയോജനപ്പെടുന്ന എന്തൊക്കെ പദ്ധതികളാണ് കൃഷിവകുപ്പ് നാളിതുവരെ ആവിഷ്കരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; | (എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കർഷകർക്ക് പ്രയോജനപ്രദമായ ചുവടെ പറയുന്ന വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br><br>(i) വിളവിസ്തൃതിക്കും ഉൽപാദന വർദ്ധനവിനുമായി പ്രധാനമായി നെൽകൃഷി വികസനം, പച്ചക്കറി വികസനം, കിഴങ്ങ് - പയർവർഗ്ഗങ്ങളുടെ വികസനം, നാളികേര വികസനം, സുഗന്ധവ്യഞ്ജന വിള വികസനം എന്നിവയ്ക്കുള്ള പദ്ധതികൾ;<br>(ii) കൂടാതെ മണ്ണിന്റേയും വിളയുടെയും ആരോഗ്യ പരിപാലനവും, അവയുടെ ഉൽപാദനക്ഷമത ഉയർത്തുന്നതിനുമുള്ള പദ്ധതികൾ, വിള ആരോഗ്യ പരിപാലന പദ്ധതികൾ എന്നിവയും;<br>(iii) ഒപ്പം പ്രാദേശിക പ്രാധാന്യമുള്ള വിളകൾക്കുള്ള പദ്ധതികൾ, ഹൈ-ടെക് കൃഷിക്കുള്ള പദ്ധതികൾ, ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതികൾ, ജലസേചന സൗകര്യം വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികൾ എന്നിവയും;<br>(iv) അതോടൊപ്പം കർഷകർക്ക് ആവശ്യമായ കാർഷിക സേവനങ്ങൾക്കും ഗുണമേന്മയുള്ള നടീൽ വസ്തുക്കൾ വിതരണം ചെയ്യുന്നതിനും വിവരസാങ്കേതിക വിദ്യയുടെ സഹായത്തോടെയും അല്ലാതെയും ഉള്ള കാർഷിക വിജ്ഞാന വ്യാപന പരിപാടികൾ സംഘടിപ്പിക്കുകയും ചെയ്യുന്നുണ്ട്. |

ഈ പദ്ധതികൾ കൂടാതെ, കാർഷിക ഉൽപന്നങ്ങൾക്ക് കൂടുതൽ വില ലഭിക്കുന്നതിനും ഇടത്തട്ടുകാരുടെ ചൂഷണം ഒഴിവാക്കി വിപണനം നടത്തുന്നതിനുമുള്ള പദ്ധതികളും ഉൽപന്നങ്ങളുടെ മൂല്യവർദ്ധനവ് പ്രോത്സാഹിപ്പിക്കുന്നതിനാവശ്യമായ പദ്ധതികളും നടപ്പിലാക്കി വരുന്നു.

**(ബി)** ഏതൊക്കെ പുതിയ പദ്ധതികൾ നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് വിശദമാക്കുമോ?

**(ബി)** താഴെ പറയുന്ന പുതിയ പദ്ധതികളാണ് ഈ വർഷം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.

1. <u>പ്രാദേശിക സവിശേഷതകളുള്ള വിളകളുടെ വികസനം:-</u>

ചെറുധാന്യങ്ങൾ, എള്ള്, നിലക്കടല, കരിമ്പ് തുടങ്ങിയ വിളകളുടെ വികസനത്തിന് ഊന്നൽ നൽകുന്ന ഈ പദ്ധതിയ്ക്കായി ബഡ്ജറ്റിൽ 3.30 കോടി രൂപ വകയിരുത്തുകയും, ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്.

2. <u>പഴവർഗ്ഗങ്ങൾ, പുഷ്പങ്ങൾ, ഔഷധ സസ്യങ്ങൾ എന്നിവയുടെ വികസനം:-</u>

തൃശ്ശൂർ ജില്ലയിൽ വാഴക്കൃഷിയുടെ ഒരു പ്രത്യേക കാർഷിക മേഖലയും, ഇടുക്കി, വയനാട് ജില്ലകളിൽ പുഷ്പകൃഷിക്കുള്ള പ്രത്യേക കാർഷിക മേഖല നടപ്പിലാക്കുന്നതാണ്. ഇടുക്കി, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, വയനാട് ജില്ലകളിൽ ഔഷധ സസ്യ കൃഷിക്ക് പ്രോത്സാഹനം, തിരുവനന്തപുരത്തെ ബയോ ടെക്നോളജി & മോഡൽ ഫ്ലോറികൾച്ചർ സെന്റർ ശാക്തീകരണം എന്നിവയും ഈ പദ്ധതിയുടെ ഘടകങ്ങളാണ്. പ്രസ്തുത പദ്ധതിക്കായി 6.75 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തുകയും, 2.75 കോടി രൂപയ്ക്ക് ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. ബാക്കി 4 കോടി രൂപയ്ക്കുള്ള ഭരണാനുമതിക്കുള്ള പ്രൊപ്പോസലിൽ നടപടികൾ സ്വീകരിച്ചുവരുന്നു.

3. <u>നാടൻ വിത്തിനങ്ങളുടെ ജൈവവൈവിധ്യ സംരക്ഷണവും പ്രോത്സാഹനവും:-</u>

പ്രാദേശികവും പരമ്പരാഗതവുമായ എല്ലാ വിളകളുടേയും വിത്തിനങ്ങളുടെയും ശേഖരണം, ഇവയുടെ സംരക്ഷണം, കൃഷി വ്യാപനം, സീഡ് ബാങ്ക് സ്ഥാപിക്കൽ എന്നിവ ട്രൈബൽ മേഖലക്ക് പ്രത്യേക പ്രാധാന്യം നൽകി ഈ പദ്ധതി

നടപ്പിലാക്കുന്നു. 2.50 കോടി രൂപ ഈ പദ്ധതിക്കായി 2017-18 വർഷത്തിൽ ബഡ്ജറ്റിൽ വകയിരുത്തുകയും ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയും ചെയ്തിരിക്കുന്നു.

4. <u>പ്രത്യേക കാർഷിക മേഖല:-</u>

സംയോജിതവും ഫലപ്രദവുമായി പദ്ധതികൾ തയ്യാറാക്കി കേന്ദ്രീകൃതവും പ്രോജക്ട് അധിഷ്ഠിതവുമായ ഇടപെടലുകളോടെ കണ്ടെത്തിയിട്ടുള്ള സാധ്യതാ മേഖലകളിൽ നടപ്പിലാക്കുന്നതിനായി ഉദ്ദേശിക്കുന്നു. ഓരോ മേഖലയിലും ഉൽപാദനം, വിപണനം, സംസ്കരണം, മൂല്യവർദ്ധനവ്, ജലസേചനം എന്നിവ ഉൾപ്പെടുത്തിയുള്ള പദ്ധതികളാണ് പ്രോജക്ട് അടിസ്ഥാനത്തിൽ നടപ്പിലാക്കുന്നത്. അടിസ്ഥാന സൗകര്യ വികസനത്തിനും അടിയന്തിര ഇടപെടലുകൾക്കുമായി 10.00 കോടി രൂപ ഈ പദ്ധതി ശീർഷകത്തിൽ വകയിരുത്തുകയും ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു.

**സെക്ഷൻ ഓഫീസർ**